പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2806 — 10/03/2017-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

സ്കൂളുകളിലെ ക്ലാർക്ക്, ലൈബ്രേറിയൻ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| (എ) എല്ലാ സർക്കാർ സ്കൂളുകളിലും ക്ലാർക്ക്, ലൈബ്രേറിയൻ എന്നീ തസ്തികകൾ നിലവിലുണ്ടോ; | (എ) എല്ലാ സർക്കാർ ഹൈസ്കൂളുകളിലും, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ക്ലാർക്ക് തസ്തിക നിലവിലുണ്ട്. ലൈബ്രേറിയൻ തസ്തികകൾ നിലവിലില്ല. |
| (ബി) എങ്കിൽ അവയുടെ വിശദവിവരം അറിയിക്കുമോ; | ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഒരു സ്കൂളിൽ ഒരു എൽഡി ക്ലാർക്ക് തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. 1051 സർക്കാർ ഹൈസ്കൂളുകളിലായി 1137 ക്ലാർക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത സ്കൂളുകളിൽ അവ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, ലൈബ്രേറിയൻ തസ്തികകൾ അനുവദിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ പരിശോധിച്ചുവരുന്നു. ഹൈസ്കൂളുകളിലും, വൊക്കേഷണൽ ഹയർ സെക്കണ്ടറിലും ലൈബ്രേറിയൻ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ